**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1159** **02-02-2026 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ പെരിനാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരിനാട് കുടിവെള്ള പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | ജലജീവൻ മിഷൻ -തൃക്കരുവ, പനയം, പെരിനാട് പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു<br><br>• പെരിനാട് പഞ്ചായത്തിലേക്കുള്ള കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 1527 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 43.20 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്.<br>• പനയം പഞ്ചായത്തിലേക്കുള്ള കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 1388 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 37.38 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കുവാനുണ്ട്.<br>• തൃക്കരുവാ പഞ്ചായത്തിലേക്കുള്ള കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 600 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 9.97 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്.<br>• മൺട്രോത്തുരുത്ത് പഞ്ചായത്തിലേക്കുള്ള 60 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും 8 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചു. പഞ്ചായത്ത് ഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.<br>• പെരിനാട് 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും, 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമ്മിക്കുന്ന പ്രവൃത്തിക്കായി |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകൾക്ക് സ്ഥലം ഏറ്റെടുത്തു നൽകുവാൻ കഴിയാതെ വന്നതിനാൽ, ജലശുദ്ധീകരണശാല നിർമ്മിക്കുവാനുള്ള സ്ഥലം വെള്ളിമൺ ഭാഗത്ത് കണ്ടെത്തി. ജല അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും 2,41,53,408/- രൂപ ചെലവഴിച്ച് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. ടി പ്രവൃത്തി 16.34 % അധികരിച്ച് കോട്ട് ചെയ്തതിനാൽ, ടെണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ പരിശോധിച്ചു വരുന്നു.<br>• തൃക്കരുവയിൽ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിന്റെയും, നാന്തിരിക്കൽ മുതൽ പെരിനാട് ജലശുദ്ധീകരണശാല വരെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെയും പെരിനാട് ജലശുദ്ധീകരണശാല മുതൽ തൃക്കരുവ വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റേയും പ്രവൃത്തിക്കായി തൃക്കരുവ പഞ്ചായത്തിന് സ്ഥലം ഏറ്റെടുത്ത് നൽകുവാൻ കഴിയാതെ വന്നതിനാൽ ജല അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും 41,54,405/- രൂപ ചെലവഴിച്ച് ജലസംഭരണി നിർമ്മിക്കുവാനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു .ടി പ്രവർത്തി 36.41% അധികരിച്ച് ക്വട്ട് ചെയ്തതിനാൽ ടെണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ പരിശോധിച്ചു വരുന്നു. |
| (ബി) | പെരിനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി സംഭരണി സ്ഥാപിക്കുന്നതിനുള്ള സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത പദ്ധതിക്ക് അനുവദിച്ച ആകെ തുക എത്ര ; സ്ഥലം വാങ്ങുന്നതിന് ചെലവഴിച്ച തുക എത്ര; സംഭരണി നിർമ്മാണത്തിന് അനുവദിച്ച തുക എത്ര എന്നിവ തരംതിരിച്ച് വിശദമാക്കാമോ; | (ബി) | പെരിനാട് 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമ്മിക്കുന്ന പ്രവൃത്തിക്കായി പെരിനാട് പഞ്ചായത്തിൽ വെള്ളിമൺ ആരോഗ്യ കേന്ദ്രത്തിന് സമീപം ബ്ലോക്ക് നമ്പർ 13 സർവേ നമ്പർ 505/3 ഉൾപ്പെട്ട 137.4 സെന്റ് (55.6 ആർ) സ്ഥലം ജല അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും 2,41,53,408/- രൂപ ചെലവഴിച്ച് ഏറ്റെടുത്തിട്ടുണ്ട് പദ്ധതിക്കായി വകയിൽ എടുത്തിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>ഭരണാനുമതി<br><br>1. Rs.121.35 കോടി<br>2. Rs.8.33 കോടി |

| | | | |
|---|---|---|---|
| | | | 3. Rs.12.36 കോടി (പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം )<br><br>16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും, 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നത തല ജലസംഭരണിയും നിർമ്മിക്കുന്ന പ്രവർത്തിയുടെ മാത്രം സാങ്കേതിക അനുമതി തുക 26,44,20,000/- രൂപയാണ്. |
| (സി) | കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതൊക്കെ പഞ്ചായത്തുകൾക്കാണ് പെരിനാട് കുടിവെള്ള പദ്ധതി പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ? | (സി) | തൃക്കരുവാ, പണയം, പെരിനാട്, മൺറോതുരുത്ത് പഞ്ചായത്തുകൾക്കായുള്ള ഈ പദ്ധതി കുണ്ടറ നിയോജക മണ്ഡലത്തിൽ പെരിനാട് പഞ്ചായത്തിനും പ്രയോജനം ചെയ്യും. |

സെക്ഷൻ ഓഫീസർ